# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4568 26.10.2016-ലെ മറുപടിയ്ക്ക്

## പാലക്കാട് മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ കൃഷ്ണൻകുട്ടി | ശ്രീ.എ.കെ ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പാലക്കാട് മെഡിക്കൽ കോളേജിൽ എത്ര ഡോക്ടർമാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഓരോരുത്തരുടേയും പേരും ക്വാളിഫിക്കേഷനും പ്രതിമാസ ശമ്പളവും മറ്റ് അലവൻസുകളും എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്ഥിരതസ്തിക, ദിവസവേതന തസ്തിക, കോൺട്രാക്ട് തസ്തിക എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ; | (എ) 116 ഡോക്ടർമാരുടെ പേരും, ക്വാളിഫിക്കേഷനും, പ്രതിമാസ ശമ്പളവും, മറ്റ് അലവൻസുകളും ചേർന്ന ലിസ്റ്റ് അനുബന്ധം (എ) ആയി ചേർക്കുന്നു. രണ്ട് ഡോക്ടർമാർ കോൺട്രാക്ട് അടിസ്ഥാനത്തിലും ശേഷിക്കുന്നവർ ദിവസവേതന അടിസ്ഥാനത്തിൽ ഉള്ളവരുമാണ്. |
| ബി) പാലക്കാട് മെഡിക്കൽ കോളേജിൽ നിലവിൽ എത്ര എം.ബി.ബി.എസ് സീറ്റുകളും, പി.ജി സീറ്റുകളും അനുവദിച്ച് കിട്ടിയിട്ടുണ്ട്; ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) 100 എം.ബി.ബി.എസ്സ് സീറ്റുകൾ വീതം 2014, 2015, 2016 വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്. പി.ജി സീറ്റുകൾ കോളേജിൽ അനുവദിച്ചിട്ടില്ല. അനുവദിച്ചിട്ടുള്ള മുഴുവൻ സീറ്റുകളിലും വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. |
| സി) പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി സർക്കാർ ഇന്നേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | സി) കെട്ടിട നിർമ്മാണത്തിനുള്ള 50 ഏക്കർ സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റ് അനുവദിച്ചു തന്നിട്ടുള്ളതാണ്. ആയതിന് വിലയൊന്നും നാളിതുവരെ കൊടുത്തിട്ടില്ല. കെട്ടിട നിർമ്മാണത്തിനുവേണ്ടി ഏകദേശം 30.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | പാലക്കാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്ലാൻ (ആർക്കിടെക്ചറൽ പ്ലാൻ), എസ്റ്റിമേറ്റ് തുക, ഇലക്ട്രിക്കൽ പ്ലാൻ, ബയോമെഡിക്കൽ എക്യുപ്മെന്റ് പ്ലാൻ എന്നിവ ലഭ്യമാക്കാമോ ? | ഡി) എസ്റ്റിമേറ്റ് തുക 559.68 കോടി രൂപ. മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്ലാൻ, ഇലക്ട്രിക്കൽ പ്ലാൻ എന്നിവയുടെ പകർപ്പ് അനുബന്ധം (ബി) ആയി ചേർക്കുന്നു.മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ബയോ മെഡിക്കൽ എക്യുപ്മെന്റ് പ്ലാൻ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്